"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ്- തിരുവനന്തപുരം ജില്ലയിലെ നടയറ ഗവ. എം എച്ച് എസ് ലെ ഫുൾ ടൈം ജൂനിയർ അറബിക് അദ്ധ്യാപകനായ ശ്രീ അബ്ദുൽ മജീദ് എ, സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്**

സ.ഉ.(സാധാ) നം.1911/2022/GEDN തീയതി,തിരുവനന്തപുരം, 22-03-2022

---

പരാമർശം :-

1. 17/08/2021 ലെ തിരുവനന്തപുരം വിദ്യാഭ്യാസ ഉപഡയറക്ടറുടെ ജി5/14774/2021 നമ്പർ കത്ത്.
2. 27/10/2021 ൽ ശ്രീ. അബ്ദുൽ മജീദ്.എ സമർപ്പിച്ച റിവിഷൻ ഹർജി.
3. 03/11/2021 ലെ G.O.(Rt) No.4946/2021/GEDN ഉത്തരവ്.
4. 08/12/2021 ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ബി1/12695/2021/DGE നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തിരുവനന്തപുരം ജില്ലയിലെ നടയറ ഗവ. എം എച്ച് എസ് ലെ ഫുൾ ടൈം ജൂനിയർ അറബിക് അദ്ധ്യാപകനായ ശ്രീ അബ്ദുൽ മജീദ് എ, പരാമർശം 2 പ്രകാരം റിവിഷൻ പെറ്റീഷൻ സമർപ്പിച്ചിരുന്നു. തിരുവനന്തപുരം വിദ്യാഭ്യാസ ഉപഡയറക്ടറുടെ പരാമർശം 1 കത്തിനെതിരെയാണ് റിവിഷൻ പെറ്റീഷൻ സമർപ്പിച്ചിരിക്കുന്നത്. ടി വിഷയം പരിശോധിച്ച് ഒരു മാസത്തിനുള്ളിൽ തീർപ്പാക്കുന്നതിനുള്ള നിർദ്ദേശം പരാമർശം 3 ഉത്തരവ് പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നൽകിയിരുന്നു.

2. 31.05.2019 ൽ ഗവ. എം.എച്ച്.എസ്സ് നടയറയിൽ നിന്നും പെൻഷനായ

ഹർജിക്കാരൻ ഗവണ്മെന്റ് സർവീസിൽ പ്രവേശിക്കുന്നതിനു മുൻപ്പ് കൊല്ലം ജില്ലയിൽ ചാത്തന്നൂർ എ.ഇ.ഒ യുടെ പരിധിയിലുള്ള തഴുത്തല മുസ്ലിം യു.പി സ്കൂളിൽ 31.07.1989 മുതൽ 15/06/1999 വരെ തുടർച്ചയായ 10 വർഷത്തോളം ലീവ് വേക്കൻസിയിൽ അപ്പ്രൂവ്ഡ് സർവീസും അതെ തുടർന്ന് സ്ഥിരവേക്കൻസിയിൽ 6 വർഷത്തെ അംഗീകൃത സർവീസും ഉണ്ട്. ഈ അപ്പ്രൂവ്ഡ് എയ്ഡഡ് സ്കൂൾ സെർവീസുകൾ കൂടി ചേർത്ത് പെൻഷൻ അപേക്ഷ നൽകിയെങ്കിലും 10 വർഷത്തോളം വരുന്ന ലീവ് വേക്കൻസി സർവീസ് കൂട്ടാതെയാണ് പെൻഷൻ അനുവദിച്ചത് ആയതിനാൽ ഈ സർവീസ് കൂടി ചേർത്ത് പെൻഷൻ അനുവദിക്കണമെന്നാണ് ഹർജിക്കാരന്റെ ആവശ്യം

3. തിരുവനന്തപുരം ജില്ലയിലെ നടയറ ഗവ. എം എച്ച് എസ് ലെ ഫുൾ ടൈം ജൂനിയർ അറബിക് അദ്ധ്യാപകനായ ശ്രീ അബ്ദുൽ മജീദ് എ, ടിയാന്റെ ലീവ് വേക്കൻസി കാലയളവു കൂടി പെൻഷൻ ആനുകൂല്യങ്ങൾക്ക് പരിഗണിച്ചു പെൻഷൻ റിവൈസ് ചെയ്യുന്നതിലേക്കായി സമർപ്പിച്ച റിവിഷൻ ഹർജി പരിശോധിച്ചതിൽ നിന്നും ടി യാൻ സർവീസിൽ നിന്നും വിരമിച്ചത് 31/05/2019 ലാണ് . G.O.(MS) No.401/2019/Fin dated 28/10/2019 ഉത്തരവ് പ്രകാരം 10/08/2018 ന് ശേഷം വിരമിച്ചവർക്ക് അവരുടെ ബ്രോക്കൺ സർവീസ് പെൻഷന് പരിഗണിക്കില്ല എന്ന് സർക്കാർ ഉത്തരവായിട്ടുള്ളതാണ്. പ്രസ്തുത സർക്കാർ ഉത്തരവിന് ഉപരി തീരുമാനമെടുക്കാൻ പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് സാധിക്കുന്നതല്ല. ഈ കാര്യത്തിൽ അനുകൂലമായ തീരുമാനമെടുക്കേണ്ടത് സർക്കാരാണ്. അതിനാൽ അപ്പീൽ അപേക്ഷ പരിഗണിക്കാൻ നിലവിൽ സാധിക്കില്ലായെന്ന് പരാമർശം 4 പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചിരുന്നു.

4. സർക്കാർ ടി വിഷയം നിലവിലെ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പരിശോധിച്ചു

5. 28/10/2019 തീയതിയിലെ G.O.(MS) No.401/2019/Fin ഉത്തരവിൽ പരാമർശിച്ചിരിക്കുന്നത് ''the broken spells of provisional service/leave vacancy service rendered by regular aided school staff/Government employees, in aided schools prior to their entry in regular service shall not be reckoned as qualifying service w.e.f 10.08.2018.'' എന്നാണ്.

6. മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശ്രീ. അബ്ദുൽ മജീദ്.എ സമർപ്പിച്ച റിവിഷൻ ഹർജിയിലെ ആവശ്യം പരിഗണിക്കാൻ കഴിയുന്നതല്ല. ആയതിനാൽ ശ്രീ. അബ്ദുൽ മജീദ്.എ സമർപ്പിച്ച റിവിഷൻ ഹർജിയിലെ ആവശ്യം നിരസിച്ചുകൊണ്ടു ഉത്തരവ് പുറപ്പെടുവിക്കുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജ്യോതിലക്ഷ്മി എൽ
അണ്ടർ സെക്രട്ടറി

പകർപ്പ്:-

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം -695 001

വിദ്യാഭ്യാസ ഉപ ഡയറക്ടർ, തിരുവനന്തപുരം

ശ്രീ. അബ്ദുൽ മജീദ്.എ, പാലവിള, എസ്.എം. മൻസിൽ,പിനക്കൽച്ചേരി, തട്ടാമല.പി.ഒ., കൊല്ലം-691020

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

പൊതുജന സമ്പർക്ക പ്രസിദ്ധീകരണ വിഭാഗം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by Mini.t.r.
Date: 22-03-2022 15:06:20
സെക്ഷൻ ഓഫീസർ